**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് — 2019-20 - പൊതു ആവശ്യ ഫണ്ട് - ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഇ. അബ്ദുൾസലാം അടച്ച തുക - തിരികെ അനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ — എ) വകുപ്പ്**

സ.ഉ.(സാധാ) നം.392/2020/ധന. തീയതി, തിരുവനന്തപുരം, 15 ജനുവരി, 2020

---

പരാമർശം : 1) സ.ഉ(സാധാ)നം. 1371/2018/ത.സ്വ.ഭ.വ തീയതി 01.06.2018

2) എൽ.എസ്.ജി.ഡി-ഇ.ആർ.ബി.3/ 65/2019-എൽ.എസ്.ജി.ഡി അനൗദ്യോഗിക ഫയൽ

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിൽ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിലെ ജനകീയ ആസൂത്രണ പദ്ധതി (2011-12)-യിൽ ഉൾപ്പെടുത്തി പട്ടികജാതി / പൊതുവിഭാഗം യു വജനങ്ങൾക്കായി നടപ്പിലാക്കിയ JCB പരിശീലനം, ചെണ്ടമേള പരിശീലനവും ഉപകരണ വി തരണവും, യൂത്ത് ക്ലബിന് സ്പോർട്സ് കിറ്റ് വിതരണം എന്നീ പ്രോജക്ടുകളിൽ നടന്ന ക്രമക്കേടിൽ മുൻ ഓച്ചിറ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറായ ശ്രീ. ഇ. അബ്ദുൾസലാമിനെ പരാമർശം (1) ലെ ഉത്തരവ് പ്രകാരം അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കുകയും ടിയാനിൽ നിന്നും ഈടാക്കിയിട്ടുള്ള സർക്കാരിനുണ്ടായ നഷ്ടതുകയുടെ മൂന്നിലൊന്നു തുകയായ 54,210/- രൂപ ടിയാന് തിരികെ നൽകുവാനും ഉത്തരവായിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സർക്കാരിനുണ്ടായ നഷ്ടതുകയുടെ മൂന്നിലൊന്നു തുകയായി മുൻ ബ്ലോക്ക് വികസന ഓഫീസറായിരുന്ന ശ്രീ. ഇ. അബ്ദുൾസലാമിൽ നിന്നും ഈടാക്കിയിട്ടുള്ള തുകയായ 54,210/- രൂപ (അൻപത്തിനാലായിരത്തി ഇരുന്നൂറ്റി പത്ത് രൂപ മാത്രം) ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ (B020100) പൊതു ആവശ്യഫണ്ടിന്റെ '3604-00-200-88-(04)-35' എന്ന ശീർഷത്തിൽ അനുവദിച്ച് ഉത്തരവാകുന്നു. ടി തുക മുൻ സെക്രട്ടറിയായ ശ്രീ. ഇ. അബ്ദുൾസലാമിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ.ഒ.ബി**

**ധനകാര്യ ഡെപ്യൂട്ടി സെക്രട്ടറി**

സ്വീകർത്താക്കൾ :-

ശ്രീ. ഇ. അബ്ദുൾസലാം, മുൻ ഓച്ചിറ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്

ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം/ ഇ.ആർ.ബി) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (E- 1368000)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.